"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - തിരുവനന്തപുരം നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ- ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.1996/2022/LSGD തീയതി,തിരുവനന്തപുരം, 17-08-2022

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.11.2015 തീയതിയിലെ ഇ1(എസ്.സി.29/2015/എസ്.ആർ.റ്റി.) 18422/2015 നമ്പർ കത്ത്.
2. 07.06.2017 തീയതിയിലെ ഇയു2-150/2016/തസ്വഭവ- നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. നഗരകാര്യ ഡയറക്ടറുടെ 07.08.2020, 09.03.2022 തീയതികളിലെ വി1-15432/17 നമ്പർ റിപ്പോർട്ട്.

<u>ഉത്തരവ്</u>

തിരുവനന്തപുരം നഗരസഭയിൽ കളിപ്പാൻകുളം വാർഡിലെ ഷോപ്പിംഗ് കോംപ്ലക്സിലെ 4 കടമുറികൾ ലൈസൻസ് റദ്ദാക്കിയശേഷവും പ്രവർത്തിക്കുന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 19/06/2015 ൽ നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

i) തിരുവനന്തപുരം നഗരസഭയിലെ ആർ 21 സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. വി അനിയൻ കൊച്ചി നഗരസഭയിലേക്ക് സ്ഥലംമാറി പോയ സമയം പകരം വന്ന ക്ലാർക്കിന് ആർ21/027117/98 ഫയൽ കൈമാറാതെ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുള്ളതാണ്.

ii). ലൈസൻസ് ഇല്ലാതെയും വാടക നൽകാതെയും നിയമവിരുദ്ധമായി നഗരസഭ വക കടമുറികൾ കൈവശം വച്ച് എഗ്രിമെന്റിനു വിരുദ്ധമായി മറ്റുള്ളവർക്ക് വാടകയ്ക്ക് നൽകിയ ശ്രീ.ബിജു എന്നയാളുടെ നടപടി കണ്ടുപിടിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സാധിച്ചില്ല.

2. വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിലുള്ള വിജിലൻസ് ഡയറക്ടറുടെ പരാമർശം 1 ശുപാർശപ്രകാരം മേൽ കൃത്യ വിലോപങ്ങൾക്ക് കാരണക്കാരായ തിരുവനന്തപുരം നഗരസഭ, ഫോർട്ട് (മണക്കാട്) സോണൽ ഓഫീസിലെ ചുവടെ ചേർക്കുന്ന ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

1. ശ്രീ. വി അനിയൻ - സീനിയർ ക്ലാർക്ക്
2. ശ്രീ. കെ ടി തുളസീധരൻ - ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1

3. ശ്രീ. ആർ ജയകുമാർ - ഹെൽത്ത് ഇൻസ്പെക്ടർ
4. ശ്രീ. ബാലകൃഷ്ണൻ സി സി — ഹെൽത്ത് ഇൻസ്പെക്ടർ
5. ശ്രീ. എസ് ശ്രീകുമാർ - രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ
6. ശ്രീ. രാഗേഷ് പി -ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2
7. ശ്രീമതി. രജിത റാണി വൈ — ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ
8. ശ്രീ. പി ആർ പ്രസാദ് — ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1
9. ശ്രീ. എസ് ജയകുമാർ - റവന്യൂ ഇൻസ്പെക്ടർ
10. ശ്രീ. വേണു — റവന്യൂ ഇൻസ്പെക്ടർ
11. ശ്രീ. ഭാസുരാജൻ പി — സൂപ്രണ്ട്
12. ശ്രീമതി. കെ എൽ സരസ്വതി — റവന്യൂ ഇൻസ്പെക്ടർ
13. ശ്രീ. എഡിസൺ ആർ - റവന്യൂ ഇൻസ്പെക്ടർ
14. ശ്രീ. ആർ ജയകുമാർ - റവന്യൂ ഇൻസ്പെക്ടർ
15. ശ്രീ. എൻ വി അനിൽ കുമാർ - രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ

3. കുറ്റാരോപണ മെമ്മോയ്ക്ക് ജീവനക്കാർ ലഭ്യമാക്കിയിട്ടുള്ള മറുപടികളിന്മേൽ കൊല്ലം നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

4. നഗരകാര്യഡയറക്ടർ റിപ്പോർട്ട് പ്രകാരം വിജിലൻസ് മിന്നൽ പരിശോധനയിൽ കളിപ്പാൻകുളം മാർക്കറ്റ് കോംപ്ലക്സിൽ പ്രസ്തുത കടമുറികൾ തുറന്നു പ്രവർത്തിക്കുന്നതായും മറ്റു വ്യക്തികൾ മുഖേന നടത്തുന്ന ഫാൻസി സ്റ്റോർ, ടെയിലറിംഗ് ഷോപ്പ് തുടങ്ങിയ കടകളാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും ബോധ്യപ്പെട്ടിരുന്നതാണ്. ലൈസൻസ് ഇല്ലാതെയും വാടക അടയ്ക്കാതെയും നിയമവിരുദ്ധമായി സർക്കാർ വക കടകൾ കൈവശം വച്ച് എഗ്രിമെന്റിന് വിരുദ്ധമായി മറ്റുള്ളവർക്ക് വാടകയ്ക്ക് കൊടുത്തതായും ശ്രീ. ബിജു എന്നയാൾ ഇത്തരുണത്തിൽ അമിതലാഭമുണ്ടാക്കിയിട്ടുണ്ടെന്നും വിജിലൻസ് റിപ്പോർട്ടിൽ പറയുന്നു. ഇപ്രകാരം തിരുവനന്തപുരം കോർപ്പറേഷന് സാമ്പത്തിക നഷ്ടം വരുത്തിയതിന് കാരണക്കാരായ ജീവനക്കാർക്കെതിരെയാണ് അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ജീവനക്കാർ മേലധികാരികളുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിച്ചിട്ടുള്ളതാണെന്നും പ്രസ്തുത കടമുറികൾ സംബന്ധിച്ച് വിവരങ്ങൾ ബന്ധപ്പെട്ടവർ അറിയിച്ചിരുന്നില്ലെന്നുമുള്ള മറുപടികളാണ് ലഭ്യമാക്കിയിരിക്കുന്നത്. തിരുവനന്തപുരം നഗരസഭയിൽ നിന്നും സ്ഥലംമാറി പോയ സമയം പകരം വന്ന ക്ലാർക്കിന് ഫയൽ കൈമാറിയിരുന്നില്ലാ എന്ന ആരോപണത്തിന് ഫയൽ മേയറുടെ സെക്ഷനിൽ നിന്നും തിരികെ ലഭിച്ചിരുന്നില്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ഹെൽത്ത് ഇൻസ്പെക്ടർമാരും റവന്യൂ ഇൻസ്പെക്ടർമാരും ആരോപണ വിധേയരാണ്. എന്നാൽ റവന്യൂ വിഭാഗം ഉദ്യോഗസ്ഥർ നികുതികൾ ഒടുക്കിയ വിവരം അറിയിക്കുമ്പോഴാണ് ഹെൽത്ത് വിഭാഗം ലൈസൻസ് നൽകുന്നതെന്നും നികുതികൾ ഒടുക്കാത്ത കാലയളവിൽ പ്രത്യേകമായി അറിയിക്കാതെ ലൈസൻസ് ഇല്ലാത്തത് അറിയാനാകില്ലെന്നുമുള്ള എന്ന വാദമാണ് ഹെൽത്ത് ഇൻസ്പെക്ടർമാർ ഉന്നയിക്കുന്നത്.

5. മേൽ വിഷയത്തിൽ തിരുവനന്തപുരം നഗരസഭയിലെ റവന്യൂ, ഹെൽത്ത് എന്നീ വിഭാഗം ജീവനക്കാരുടെ ഭാഗത്തു നിന്ന് വീഴ്ച സംഭവിച്ചതായി കാണുന്നതായും ഇരു വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർക്കും കൂട്ടുത്തരവാദിത്തമില്ലായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ് എന്നും അറിയിക്കുന്നു. കളിപ്പാൻകുളം ഷോപ്പിംഗ് കോംപ്ലക്സിലെ നാല് കടമുറികൾ ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്നുവെന്നത് 19/06/2015 ൽ മാത്രമാണ്

വിജിലൻസ് പരിശോധനയിലൂടെ കണ്ടെത്തുന്നത്. നഗരസഭയിലെ റവന്യൂ വിഭാഗമാണ് വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഉത്തരവാദിയെന്നും വ്യാപാര ലൈസൻസ് നൽകുന്നതിന് ഹെൽത്ത് വിഭാഗമാണ് ഉത്തരവാദിയെന്നും കേവലം ന്യായീകരണത്തിനു വേണ്ടി മാത്രം ആരോപണവിധേയരായ ജീവനക്കാർ ഉന്നയിച്ചിരിക്കുന്ന വാദഗതിയാണ്. വാടകകുടിശ്ശിക ഒടുക്കിയിരുന്നത് സംബന്ധിച്ച് റവന്യൂ വിഭാഗത്തിൽ നിന്നും വിവരം ശേഖരിക്കുന്നതിന് സാധിക്കാത്തത് ഹെൽത്ത് വിഭാഗത്തിനുണ്ടായ വീഴ്ചയാണ്. അതുപോലെ വാടക കുടിശ്ശിക വരുത്തിയ കടമുറികൾക്ക് വ്യാപാര ലൈസൻസ് നൽകിയതു സംബന്ധിച്ച് അന്വേഷണം നടത്തി വിവരം ശേഖരിക്കാത്തത് റവന്യൂ വിഭാഗത്തിന്റെയും വീഴ്ചയാണ്. പിഴ ഉൾപ്പടെയുള്ള വാടക കുടിശ്ശിക 15/07/2015 നും 21/07/2015 നും ഒടുക്കിയെന്നുള്ള വാദം ജീവനക്കാരുടെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള വീഴ്ച ന്യായീകരിക്കത്തക്കതല്ല.

6. മേൽ പരാമർശിത ജീവനക്കാരിൽ ശ്രീ. ഭാസുരാജൻ പി 30/11/2013 ലും ശ്രീ. ആർ എഡിസൺ 31/01/2014 ലും ശ്രീ. ആർ ജയകുമാർ (റവന്യൂ ഇൻസ്പെക്ടർ) 31/05/2016 ലും ശ്രീ. ബാലകൃഷ്ണൻ സി സി 30/04/2019 ലും ശ്രീ. കെ ടി തുളസീധരൻ 31/10/2019 ലും സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. ആയതിനാൽ ടിയാളുകൾക്കെതിരെയുള്ള അച്ചടക്ക നടപടികൾ ചട്ടം അനുശാസിക്കുന്ന തരത്തിൽ തുടരാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

7. സീനിയർ ക്ലാർക്കായിരുന്ന ശ്രീ. വി അനിയൻ, ശ്രീ. എസ് ശ്രീകുമാർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, ശ്രീ. രാഗേഷ് പി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, ശ്രീമതി. രജിതാറാണി വൈ, ജൂനിയർ ഹേൽത്ത് ഇൻസ്പെക്ടർ, ശ്രീ. പി ആർ പ്രസാദ്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, ശ്രീ. എസ് ജയകുമാർ, റവന്യൂ ഇൻസ്പെക്ടർ, ശ്രീ. വേണു, റവന്യൂ ഇൻസ്പെക്ടർ, ശ്രീമതി. കെ എൽ സരസ്വതി, സൂപ്രണ്ട്, ശ്രീ. ആർ ജയകുമാർ, റവന്യൂ ഇൻസ്പെക്ടർ, ശ്രീ. എൻ വി അനിൽ കുമാർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ ഭാഗത്തു നിന്നും ആരോപണവിഷയത്തിൽ വ്യക്തമായ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്നതിനാൽ ടിയാളുകൾക്കെതിരെ നിലവിലുള്ള ചട്ടങ്ങൾ അനുശാസിക്കുന്ന നടപടി സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

8. സർക്കാർ ഇക്കാര്യം കുറ്റാരോപണമെമ്മോ, കൊല്ലം നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടരുടെ റിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ ശുപാർശ എന്നിവപ്രകാരം വിശദമായി പരിശോധിച്ചു. ലൈസൻസ് ഇല്ലാതെയും വാടക നൽകാതെയും നിയമ വിരുദ്ധമായി നഗരസഭ വക കടമുറികൾ കൈവശം വെച്ച് എഗ്രിമെന്റിനു വിരുദ്ധമായി മറ്റുള്ളവർക്ക് വാടകയ്ക്ക് നൽകിയ ശ്രീ.ബിജുവിന്റെ നടപടി കണ്ടുപിടിക്കാതിരുന്നതിനാലാണ് തിരുവനന്തപുരം നഗരസഭാ ഫോർട്ട് സർക്കിളിൽ 1.1.2011 മുതൽ 30.06.2015 വരെ ചുമതല ഉണ്ടായിരുന്ന റവന്യൂ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിരുന്നത്. തിരുവനന്തപുരം നഗരസഭയിലെ റവന്യൂ ഹെൽത്ത് എന്നീ വിഭാഗം ജീവനക്കാരുടെ ഭാഗത്തു നിന്ന് വീഴ്ച സംഭവിച്ചതായി കാണുന്നു. ഇരു വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർക്കും കൂട്ടുത്തരവാദിത്തമില്ലായിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. കളിപ്പാൻകുളം ഷോപ്പിംഗ് കോംപ്ലക്സിലെ നാല് കടമുറികൾ ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്നുവെന്നത് 19/06/2015 ൽ മാത്രമാണ് വിജിലൻസ് പരിശോധനയിലൂടെ കണ്ടെത്തുന്നത്. നഗരസഭയിലെ റവന്യൂ വിഭാഗമാണ് വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഉത്തരവാദിയെന്നും വ്യാപാര ലൈസൻസ് നൽകുന്നതിന് ഹെൽത്ത് വിഭാഗമാണ് ഉത്തരവാദിയെന്നും കേവലം ന്യായീകരണത്തിനു വേണ്ടി മാത്രം ആരോപണവിധേയരായ ജീവനക്കാർ ഉന്നയിച്ചിരിക്കുന്ന

വാദഗതിയാണ്. വാടകകടിശ്ശിക ഒടുക്കിയിരുന്നത് സംബന്ധിച്ച് റവന്യൂ വിഭാഗത്തിൽ നിന്നും വിവരം ശേഖരിക്കുന്നതിന് സാധിക്കാത്തത് ഹെൽത്ത് വിഭാഗത്തിനുണ്ടായ വീഴ്ചയാണ്. അതുപോലെ വാടക കുടിശ്ശിക വരുത്തിയ കടമുറികൾക്ക് വ്യാപാര ലൈസൻസ് നൽകിയതു സംബന്ധിച്ച് അന്വേഷണം നടത്തി വിവരം ശേഖരിക്കാത്തത് റവന്യൂ വിഭാഗത്തിന്റെയും വീഴ്ചയാണ്. പിഴ ഉൾപ്പടെയുള്ള വാടക കുടിശ്ശിക 15/07/2015 നും 21/07/2015 നും ഒടുക്കിയെന്നുള്ള വാദം ജീവനക്കാരുടെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള വീഴ്ച ന്യായീകരിക്കത്തക്കതല്ല. ഇക്കാര്യത്തിൽ ജീവനക്കാരുടെ മറുപടിയിന്മേലുള്ള നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ ഭാഗത്തു നിന്ന് വീഴ്ച സംഭവിച്ചതായി കാണുന്നു.

9. മേൽ പരാമർശിത ജീവനക്കാരിൽ ശ്രീ. ഭാസുരാജൻ പി 30/11/2013 ലും ശ്രീ. ആർ എഡിസൺ 31/01/2014 ലും ശ്രീ. ആർ ജയകുമാർ (റവന്യൂ ഇൻസ്പെക്ടർ) 31/05/2016 ലും ശ്രീ. ബാലകൃഷ്ണൻ സി സി 30/04/2019 ലും ശ്രീ. കെ ടി തുളസീധരൻ 31/10/2019 ലും സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. കൂടാതെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ആർ .ജയകുമാർ, ഗ്രേഡ് II ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. എൻ.വി.അനിൽകുമാർ എന്നിവർ യഥാക്രമം 13 ദിവസവും 26 ദിവസവുമാണ് ടി ഓഫീസിൽ ജോലി ചെയ്തിരുന്നതെന്നും കാണുന്നു.

10. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം നഗരസഭയിൽ കളിപ്പാൻകുളം വാർഡിലെ ഷോപ്പിംഗ് കോംപ്ലക്സിലെ 4 കടമുറികൾ ലൈസൻസ് റദ്ദാക്കിയശേഷവും പ്രവർത്തിക്കുന്നുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിലെ ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി, സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള ശ്രീ. ഭാസുരാജൻ പി ശ്രീ. ആർ എഡിസൺ ശ്രീ. ആർ ജയകുമാർ (റവന്യൂ ഇൻസ്പെക്ടർ) ശ്രീ. ബാലകൃഷ്ണൻ സി സി, ശ്രീ. കെ ടി തുളസീധരൻ, എന്നിവർക്കെതിരായും ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ആർ .ജയകുമാർ, ഗ്രേഡ് II ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. എൻ.വി.അനിൽകുമാർ എന്നിവർക്കെതിരെയുമുള്ള അച്ചടക്കനടപടി അവസാനിപ്പിച്ചുകൊണ്ടും, ആരോപണവിധേയരായ മറ്റു ജീവനക്കാരായ, സീനിയർ ക്ലാർക്കായിരുന്ന ശ്രീ. വി അനിയൻ, ശ്രീ. എസ് ശ്രീകുമാർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, ശ്രീ. രാഗേഷ് പി, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, ശ്രീമതി. രജിതാറാണി വൈ, ജൂനിയർ ഹേൽത്ത് ഇൻസ്പെക്ടർ, ശ്രീ. പി ആർ പ്രസാദ്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1, ശ്രീ. എസ് ജയകുമാർ, റവന്യൂ ഇൻസ്പെക്ടർ, ശ്രീ. വേണു, റവന്യൂ ഇൻസ്പെക്ടർ, ശ്രീമതി. കെ എൽ സരസ്വതി, റവന്യൂ ഇൻസ്പെക്ടർ എന്നിവർക്കെതിരായുള്ള അച്ചടക്കനടപടി ടിയാളുകളുടെ ഒരു വാർഷികശമ്പള വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ടും അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ജീവനക്കാർക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sonu Jacob
Date: 17-08-2022 17:01:42

സെക്ഷൻ ഓഫീസർ